## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 60** 12.06.2012-ൽ മറുപടിക്ക്.

## കരട് ഗതാഗതനയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. ഷാഫി പറമ്പിൽ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പു മന്ത്രി) | |
| (എ) | ഗതാഗതനയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ പ്രത്യേകതകളും ഉദ്ദേശ ലക്ഷ്യങ്ങളും എന്തൊക്കെയാണ്; | (ബി) | സംസ്ഥാന ഗതാഗത മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങളെ ദീർഘ വീക്ഷണത്തോടു കൂടി വിശകലനം ചെയ്യുകയും 2025 -ാം ആണ്ടോടു കൂടി കേരളത്തിലെ ജനങ്ങൾക്ക് ആധുനികവും കാര്യക്ഷമവും സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ ഗതാഗത സൗകര്യങ്ങൾ നിർമ്മിച്ച് കൊടുക്കുകയുമാണ് ഈ നയത്തിന്റെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) | ആധുനികവും, കാര്യക്ഷമവും, സുരക്ഷിതവും, പരിസ്ഥിതി സൗഹാർദ്ദവുമായ ഗതാഗത സംവിധാനം ആവിഷ്ക്കരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | ഗതാഗത മേഖലയിൽ റോഡ്, റെയിൽ, വ്യോമയാനം, ജലഗതാഗതം തുടങ്ങി വിവിധ സംവിധാനങ്ങളെ ഓരോന്നിന്റേയും മൂലധനചെലവ്, വേഗത, പരിസ്ഥിതി സൗഹാർദ്ദം എന്നിവയിലുള്ള മികവ് അനുസരിച്ച് പരസ്പരം സംയോജിപ്പിച്ചുള്ള രീതിയിലാണ് ഗതാഗതനയം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ ഇതിനാവശ്യമായ മൂലധനം, മാനവശേഷി, ആധുനിക സാങ്കേതികവിദ്യ, മാനേജ്മെന്റ് സിസ്റ്റം, |

| | | | |
|---|---|---|---|
| | | | ഗവേഷണ പഠനങ്ങൾ എന്നിവ നടത്തേണ്ടി വരും. പൊതു ഗതാഗതം മൊത്തം ആവശ്യകതയുടെ 80% മായി ഉയർത്തുകയും സ്വകാര്യ വാഹനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ദീർഘദൂര യാത്രയ്ക്കും അതിവേഗ ഗതാഗതത്തിനും റെയിൽവേയെ കൂടുതൽ പ്രാപ്തമാക്കുകയും ചരക്ക് ഗതാഗതത്തിന് ഉൾനാടൻ ജലഗതാഗതത്തേയും ചെറുകിട തുറമുഖങ്ങളേയും ബന്ധപ്പെടുത്തിയുള്ള തീരദേശ കപ്പൽ ഗതാഗതശൃംഖല വികസിപ്പിക്കുകയും നഗരങ്ങളിലെ ഗതാഗതകുരുക്കുകൾ ഒഴിവാക്കാൻ വേണ്ടി ഇന്നർ ഔട്ടർ റിംഗ് റോഡുകൾ, ബൈപ്പാസുകൾ , ഫ്ലൈഓവറുകൾ എന്നിവ നിർമ്മിക്കുകയും പൊതുജനങ്ങൾക്ക് ആവശ്യമായ നടപ്പാതകൾ, സൈക്കിൾ ട്രാക്കുകൾ, സബ്‌വേ പോലുള്ള ക്രോസിംഗ് സൗകര്യങ്ങൾ, മേൽപ്പാലങ്ങൾ എന്നിവ ഉറപ്പാക്കുകയും ഗ്രാമീണ റോഡുകളിൽ ബസ് ഗതാഗതത്തിന് വേണ്ടി കണക്ടിവിറ്റി നല്കുകയും റോഡ് സുരക്ഷയ്ക്ക് വേണ്ടിയുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും 2025-ാം ആണ്ടോടുകൂടി സീറോ ആക്സിഡന്റ് എന്ന ലക്ഷ്യം കൈവരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുകയും ഗതാഗത വികസനവുമായി ബന്ധപ്പെട്ട മറ്റ് പ്രശ്നങ്ങൾക്ക് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുകയും ചെയ്യുക എന്നതാണ് കരട് നയത്തിൽ പറയുന്നത്. ഇതിനൊക്കെ ആവശ്യമുള്ള സ്ഥലത്തിന്റെ ലഭ്യത മുൻകൂട്ടി കണ്ട് ഉറപ്പാക്കാൻ വേണ്ട നടപടികളും ആവശ്യമാണ്. |

| | | | |
|---|---|---|---|
| (ഡി) | കരട് നയത്തിൻമേൽ പൊതുജനങ്ങൾക്കും ബന്ധപ്പെട്ടവർക്കും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകാൻ അവസരം നൽകുമോ? | (ഡി) | കരട് നയം പൊതുജനാഭിപ്രായ സ്വരൂപീകരണത്തിനായി സംസ്ഥാന ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ